**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 161** **12-12-2022 - ൽ മറുപടിയ്ക്ക്**

**നല്ല ഭക്ഷണം നാടിന്റെ അവകാശം ക്യാമ്പയിൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ ജി സ്റ്റീഫൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഭക്ഷ്യവിഷബാധ ആവർത്തിക്കാതിരിക്കാൻ സർക്കാർ ഫലപ്രദമായ ഇടപെടൽ നടത്തിയിരുന്നോ; നല്ല ഭക്ഷണം നാടിന്റെ അവകാശം എന്ന ക്യാമ്പയിൻ സംഘടിപ്പിച്ചിരുന്നോ; | (എ) | സംസ്ഥാനത്ത് ജനങ്ങൾക്ക് സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണം ഉറപ്പുവരുത്തുന്നതിന് ഭക്ഷ്യ സുരക്ഷാ വകുപ്പ് നിരന്തരം ഇടപെടലുകൾ നടത്തി വരുന്നു. ഭക്ഷ്യ വിഷബാധപോലെയുള്ള അടിയന്തര സാഹചര്യങ്ങളിൽ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ 24 മണിയ്ക്കൂറും പ്രവർത്തന സജ്ജമായ Quick Response Team (QRT) എല്ലാ ജില്ലകളിലും പ്രവർത്തിച്ച് വരുന്നു. ഭക്ഷ്യസുരക്ഷ സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും പരാതി സ്വീകരിയ്ക്കുന്നതിനായി ജി.സി.സി (ഗവൺമെന്റ് കോൺടാക്ട് സെന്റർ) മുഖേന പ്രവർത്തിപ്പിച്ച് വരുന്ന ടോൾഫ്രീ നമ്പർ (1800 425 1125) സംസ്ഥാനത്ത് നിലവിലുണ്ട്.<br><br>**നല്ല ഭക്ഷണം നാടിന്റെ അവകാശം** എന്ന ക്യാമ്പയിൻ ഈ സർക്കാരിന്റെ കാലത്ത് ഏറ്റവും വലിയ പ്രാധാന്യത്തോടെ ആവിഷ്കരിച്ച ഒന്നാണ്. ഇതിന്റെ ഭാഗമായി പരിശോധനകൾ ഉൾപ്പെടെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിന് പ്രധാനമായും മൂന്നു രീതിയിലാണ് ഭക്ഷ്യ സുരക്ഷാ വകുപ്പ് നടപടികൾ സ്വീകരിക്കുന്നത്.<br><br>എൻഫോഴ്സ്മെൻറ് നടപടികൾ<br><br>ഭക്ഷണവുമായി ബന്ധപ്പെട്ട ജോലികളിൽ ഏർപ്പെട്ടിട്ടുള്ളവർക്കുള്ള പരിശീലനം<br><br>പൊതുജനങ്ങൾക്കും ഭക്ഷ്യ സംരംഭകർക്കും ബോധവൽക്കരണ പരിപാടികൾ<br><br>**ഫുഡ് ബിസിനസ് സ്ഥാപനങ്ങളിലെ പരിശോധന** |

ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി **2021** ഏപ്രിൽ മുതൽ **2022** ഒക്ടോബർ വരെയുള്ള കാലയളവിൽ **75230** ഭക്ഷ്യ പരിശോധനകൾ നടത്തുകയും**, 11407** സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധിച്ചതിൽ **583** സാമ്പിളുകൾ **Unsafe** ആയും **237** സാമ്പിളുകൾ **Substandard** ആയും**, 307** സാമ്പിളുകൾ **Misbranded** ആയും പരിശോധനാ ഫലം ലഭ്യമായിട്ടുണ്ട്**.** ഈ കാലയളവിൽ **521** പ്രോസിക്യൂഷൻ കേസുകളും **544** അഡ്ജ്യൂഡിക്കേഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്**.**

പരിശോധനയുടെ ഭാഗമായി ശേഖരിക്കുന്ന ഭക്ഷ്യ വസ്തുക്കളുടെ ശാസ്ത്രീയ പരിശോധനകൾക്കായി NABL അക്രഡിറ്റേഷൻ ലഭ്യമായിട്ടുള്ള മൂന്ന് ഗവണ്മന്റ് അനാലിറ്റിക്കൽ ലാബുകളും, പത്തനംതിട്ട, കണ്ണൂർ ജില്ലകളിലായി രണ്ട് ഫുഡ് ടെസ്റ്റിംഗ് ലാബുകളും വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്നു. ഇതിന് പുറമെയാണ് 14 ജില്ലകളിലും പ്രവർത്തിക്കുന്ന സഞ്ചരിയ്ക്കുന്ന ഭക്ഷ്യ പരിശോധനാ ലബോറട്ടറികൾ. ലാബുകളിൽ നിന്നും ലഭിക്കുന്ന പരിശോധന വിവരങ്ങൾ നിരന്തരം വിശകലനങ്ങൾക്ക് വിധേയമാക്കുകയും, ഇതിന്റെ അടിസ്ഥാനത്തിൽ സുരക്ഷിത ഭക്ഷണം ഉറപ്പാക്കുന്നതിന് ഏറ്റവും ഉചിതമായ നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നു.

**ഭക്ഷ്യ സുരക്ഷാ ലൈസൻസ് & റെജിസ്ട്രേഷൻ**

**2021-22** കാലയളവിൽ ആകെ **111885** ഭക്ഷ്യ സംരംഭകർക്ക് ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷനുകളും **28256** ഭക്ഷ്യ സംരംഭകർക്ക് ഭക്ഷ്യ സുരക്ഷാ ലൈസൻസുകളും നൽകിയിട്ടുണ്ട്**. 2022-23** സാമ്പത്തിക വർഷത്തിൽ നാളിതുവരെ **107174** രജിസ്ട്രേഷനുകളും **23552** ലൈസൻസുകളും നൽകിയിട്ടുണ്ട്**.**

2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം ഹോട്ടലുകൾ**,** റസ്റ്റോറൻറുകൾ**,** തട്ടുകടകൾ**,** മറ്റു ഭക്ഷ്യ ഉൽപാദന കേന്ദ്രങ്ങൾ എന്നിവയിലെ ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന തൊഴിലാളികൾക്കും ഭക്ഷ്യസംരംഭകർക്കും കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി നിഷ്കർഷിക്കുന്ന **FoSTaC Training (Food Safety Training and Certification)** സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു**.** ആയതിന്റെ ഭാഗമായി **2021** ഏപ്രിൽ മുതൽ **2022** നവംബർ വരെ **306** ട്രെയിനിംഗുകളിലായി ആകെ **12252** ഭക്ഷ്യ സംരംഭകർക്ക് പരിശീലനം

നൽകുകയുണ്ടായി. **2022-23** കാലഘട്ടത്തിൽ **70** ട്രെയിനിംഗുകളിലായി ആകെ **2841** ഭക്ഷ്യ സംരംഭകർക്ക് പരിശീലനം നൽകുകയുണ്ടായി.

**IEC പ്രവർത്തനങ്ങൾ**

**(i) സമ്പൂർണ ഭക്ഷ്യ സുരക്ഷാ ഗ്രാമ പഞ്ചായത്ത് പദ്ധതി**

കേരളത്തിലെ ഗ്രാമ പഞ്ചായത്തുകളിൽ സമ്പൂർണ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച സമ്പൂർണ ഭക്ഷ്യ സുരക്ഷാ ഗ്രാമ പഞ്ചായത്ത് പദ്ധതി സംസ്ഥാനത്തു മൊത്തം 433 പഞ്ചായത്തുകളിൽ ഇതിനോടകം തന്നെ നടപ്പിലാക്കി കഴിഞ്ഞു. 2022-23 സാമ്പത്തിക വർഷം 140 ഗ്രാമ പഞ്ചായത്തുകളിൽ കൂടി ടി പദ്ധതി നടപ്പിലാക്കുന്നതിനു നടപടി സ്വീകരിച്ചു വരുന്നു.

**(ii) സേഫ് ആൻഡ് ന്യൂട്രീഷ്യസ്സ് ഫുഡ് @ സ്കൂൾ (SNF@School)**

സ്കൂൾ കുട്ടികളിൽ സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണ ശീലങ്ങൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച സേഫ് ആൻഡ് ന്യൂട്രീഷ്യസ്സ് ഫുഡ് @ സ്കൂൾ പദ്ധതി സംസ്ഥാനത്ത് മൊത്തം 1603 സ്കൂളുകളിൽ നടപ്പിലാക്കി കഴിഞ്ഞു . **2022-23** സാമ്പത്തിക വർഷത്തിൽ **500** സ്കൂളുകളിൽക്കൂടി ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റുമായി ചേർന്ന് തയ്യാറാക്കിയ ധാരണാപത്ര പ്രകാരം 2022 - 2023 സാമ്പത്തിക വർഷത്തിൽ സുരക്ഷിതമായ ഭക്ഷണം ഉറപ്പാക്കുന്നതിനുള്ള പദ്ധതികളായ **FoSTaC Training , RUCO (Repurpose Used Cooking Oil ), Hygiene Rating , Eat Right Campus , Eat Right School, Fortification Training and Awareness, Clean Street Food Hub** എന്നിവ നടപ്പിലാക്കി വരുന്നു.

അതോടൊപ്പം വൃത്തിഹീനമായ സാഹചര്യത്തിലുള്ള ഷവർമ്മ നിർമ്മാണവും വിൽപ്പനയും ഭക്ഷ്യവിഷബാധയ്ക്ക് കാരണമാകുമെന്നതിനാൽ ഷവർമ്മ നിർമ്മാണത്തിലും വിൽപ്പനയിലും വൃത്തിയും സുരക്ഷയും ഉറപ്പാക്കുന്നതിനായി, സ.ഉ(സാധാ) **2113/2022**/ആ.കു.വ തീയതി **25/08/2022** പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഹോട്ടലുകളും ബേക്കറികളും പഴച്ചാർ വിൽക്കുന്ന കടകളും ഉൾപ്പെടെ ഭക്ഷ്യ സ്ഥാപനങ്ങളെല്ലാം രജിസ്ട്രേഷനോ ലൈസൻസോ നേടിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (ബി) | ഹോട്ടലുകളും ബേക്കറികളും പഴച്ചാർ വിൽക്കുന്ന കടകളും ഉൾപ്പെടെ ഭക്ഷ്യ സ്ഥാപനങ്ങളെല്ലാം ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷനോ ലൈസൻസോ നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ ഭക്ഷ്യ സുരക്ഷാ വകുപ്പ് നിരന്തരമായി പരിശോധനകൾ നടത്തി വരുന്നു. ഈ സർക്കാർ കാലയളവിൽ നാളിതുവരെ സംസ്ഥാനത്തുടനീളം ഹോട്ടലുകൾ/ റെസ്റ്റോറന്റുകൾ, പഴച്ചാർ വിൽക്കുന്ന കടകളും കേന്ദ്രീകരിച്ച് **15037** പരിശോധനകൾ നടത്തുകയും **4397** സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും, **2417** സ്ഥാപനങ്ങളിൽ നിന്നായി **1,13,54,700/-** രൂപ പിഴ തുക ചുമത്തുകയും **334** സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിയ്ക്കുകയും ഗുരുതരമായ വീഴ്ചകൾ കണ്ടെത്തിയ **319** സ്ഥാപനങ്ങൾക്ക് ക്ലോഷർ നോട്ടീസ് നൽകി അടച്ചിടുകയും **33** സ്ഥാപനങ്ങൾക്കെതിരെ കേസുകൾ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (സി) | വഴിയോരത്തുള്ള തട്ടുകടകൾ വൃത്തിയുള്ള രീതിയിൽ പ്രവർത്തിക്കുന്നുവെന്നുറപ്പ് വരുത്താൻ പ്രത്യേകം നടപടിയെടുത്തിരുന്നോ; | (സി) | വഴിയോരത്തുള്ള തട്ടുകടകൾ വൃത്തിയുള്ള രീതിയിൽ പ്രവർത്തിയ്ക്കുന്നുവെന്ന് ഉറപ്പുവരുത്താൻ എല്ലാ സർക്കിൾ തലത്തിലും പ്രത്യേക പരിശോധനകൾ നടന്നുവരുന്നു. വഴിയോരക്കടകളുടെ ഭക്ഷ്യ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി രാത്രികാല പരിശോധനകളും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചും പരിശോധനകൾ നടത്തി വരുന്നു. കഴിഞ്ഞ മാസങ്ങളിലായി ഇത്തരത്തിലുള്ള **385** സ്പെഷ്യൽ രാത്രികാല പരിശോധനകൾ നടത്തുകയും ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. പരിശോധനകൾ വരും ദിവസങ്ങളിലും തുടരുന്നതാണ്.<br><br>വഴിയോരത്തും തെരുവിലും നടന്നുവരുന്ന താൽക്കാലിക ഭക്ഷണശാലകളെ കണ്ടെത്തി അവയുടെ ശുചിത്വ നിലവാരവും ഭക്ഷണസാധനങ്ങളുടെ ഗുണനിലവാരവും ഉയർത്തുന്നതിനായി **FSSAI** നടപ്പിലാക്കുന്ന പദ്ധതിയാണ് Clean Street Food Hub. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി ഇവയ്ക്കുവേണ്ടി പ്രത്യേകം ഒരു പ്രദേശം കണ്ടെത്തി അവിടെ പരിസര ശുചിത്വവും സ്ഥാപനങ്ങളുടെ ശുചിത്വവും ഭക്ഷണ ശാലകളിൽ ജോലിചെയ്യുന്നതവരുടെ വ്യക്തി ശുചിത്വവും ഉറപ്പാക്കി സർട്ടിഫൈ ചെയ്ത് അംഗീകരിയ്ക്കുന്ന ഒരു പരിപാടിയാണിത്. കേരളത്തിൽ കാസർഗോഡ് ജില്ലയിലെ തളങ്കര ബീച്ചിനോട് ചേർന്നുള്ള ഒരു കൂട്ടം തെരുവ് കടകൾ ഇത്തരത്തിൽ സർട്ടിഫൈ ചെയ്തിട്ടുള്ളവയാണ്. സംസ്ഥാനത്തെ മറ്റു ജില്ലകളിലും |

| | | | |
|---|---|---|---|
| | | | ഇത്തരത്തിൽ ക്ലീൻ സ്ട്രീറ്റ് ഫുഡ് ഹബ്ബുകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിയ്ക്കുന്നു. |
| (ഡി) | പ്രവർത്തന മികവിന്റെ ഫലമായി ഭക്ഷ്യ സുരക്ഷാ വകുപ്പിന് ദേശീയതലത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്നറിയിക്കുമോ? | (ഡി) | സംസ്ഥാന ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി (FSSAI) വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ **2019-20** കാലയളവിൽ ദേശീയ ഭക്ഷ്യസുരക്ഷാ സൂചികയിൽ കേരളത്തിന് നാലാം സ്ഥാനവും **2020-21** കാലയളവിൽ രണ്ടാം സ്ഥാനവും, **2021-22** കാലയളവിൽ ആറാം സ്ഥാനവും ലഭിയ്ക്കുകയുണ്ടായി. ഇത് കൂടാതെ Eat Right Challenge ൽ പങ്കെടുത്ത രാജ്യത്തെ **187** നഗരങ്ങളിൽ കേരളത്തിൽ നിന്നും പങ്കെടുത്ത തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കാസർഗോഡ് എന്നീ **4** ജില്ലകളും മുൻ നിരയിലെത്തി. ഇതിനായുള്ള പ്രശംസാ പത്രം ബഹു. കേന്ദ്ര ആരോഗ്യ വകുപ്പ് മന്ത്രിയിൽ നിന്നും ലോക ഭക്ഷ്യസുരക്ഷാ ദിനമായ ജൂൺ **7** ന് ഭക്ഷ്യസുരക്ഷാ കമ്മീഷണർ കൈപ്പറ്റുകയുണ്ടായി.<br><br>മത്സ്യത്തിലെ മായം കണ്ടെത്തുന്നതിനും മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുമായി ഭക്ഷ്യ സുരക്ഷാ വകുപ്പ് ആവിഷ്കരിച്ച് വിജയകരമായി നടപ്പിലാക്കിയ 'ഓപ്പറേഷൻ സാഗർ റാണി' എന്ന പദ്ധതിയ്ക്ക് **2018** ൽ **NATIONAL SKOCH** അവാർഡ് ലഭിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ